'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ഇലക്ട്രിക്കൽ പ്രവർത്തികളുടെ മേൽനോട്ടത്തിനായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച നടപടി- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1216/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/06/2019**

പരാമർശം:- 1 22.09.2015-ലെ സ.ഉ.(സാധാ)നം.2878/15/തസ്വഭവ.

2 ജിസിഡിഎ സെക്രട്ടറിയുടെ 20.4.2018-ലെ 2381/ജി3/2018/ജിസിഡിഎ നമ്പർ നടപടിക്രമം.

3 ജിസിഡിഎ സെക്രട്ടറിയുടെ 06.12.2018-ലെ 8082/ഇ1/2017/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

ജിസിഡിഎയിൽ ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ തസ്തികയിൽ 2008-ന് ശേഷം നിയമനം നടത്താത്തതിനാലും 2017-ൽ അതോറിറ്റിയിലെ അസി.എക്സിക്യൂട്ടീവ് എൻജിനീയർ വിരമിച്ചതിനാലും നിലവിൽ അതോറിറ്റിയിലെ ഇലക്ട്രിക്കൽ പ്രവർത്തികളുടെ മേൽനോട്ടത്തിനായി അസി. എൻജിനീയർ മാത്രമാണ് നിലവിലുള്ളത് എന്ന സാഹചര്യം കണക്കിലെടുത്തു അതോറിറ്റിയിലെ ഇലക്ട്രിക്കൽ പ്രവർത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരത്തോടെ 5 അംഗ പാനൽ രൂപീകരിച്ച പരാമർശം (2)-ലെ ജിസിഡിഎ സെക്രട്ടറിയുടെ നടപടിക്രമത്തിന് അംഗീകാരം നൽകണമെന്ന് ജിസിഡിഎ സെക്രട്ടറി പരാമർശം (3) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജിസിഡിഎയിലെ ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് ഭംഗം വരാതിരിക്കാൻ അതോറിറ്റിയിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതിക്കായി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരത്തോടെ, നിശ്ചിത യോഗ്യതയുള്ള വിരമിച്ച എക്സിക്യൂട്ടീവ് എൻജിനീയർ, അസി.എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരെ ഉൾപ്പെടുത്തി 5 അംഗ പാനൽ രൂപീകരിച്ച ജിസിഡിഎ സെക്രട്ടറിയുടെ പരാമർശം (2) പ്രകാരമുള്ള നടപടി, പരാമർശം (1) ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അംഗങ്ങളുടെ ഓണറേറിയം/ഫീ സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നും, പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്നും ഒരു Terms of Reference (ToR) നല്കി സമ്മതപത്രം വാങ്ങേണ്ടതുമാണെന്നുമുള്ള വ്യവസ്ഥകളോടെ അംഗീകരിച്ച് ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.നാഗേന്ദ്രന്**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി , വിശാല കൊച്ചി വികസന അതോറിറ്റി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ